ഉത്തരം

(എ) ഗുണ്ട എന്ന പദപ്രയോഗം നിയമ ദൃഷ്ട്യാ നിർവ്വചിക്കപ്പെട്ടിട്ടില്ല. എന്നാൽ സ്ഥിരം കുറ്റവാളികളുടേയും സ്ഥിരം സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടേയും, മുമ്പ് ശിക്ഷ ലഭിച്ചിട്ടുള്ളവരുടേയും, കൂലിത്തല്ലുകാരുടേയും വിവരങ്ങൾ അടങ്ങുന്ന ലിസ്റ്റുകൾ തയ്യാറാക്കിയിട്ടുണ്ട്.

(ബി) കൂലിത്തല്ല്, പിടിച്ചുപറി, കൊലപാതകം, കവർച്ച തുടങ്ങിയ കുറ്റകൃത്യങ്ങളിലാണ് ഇവർ സാധാരണ ഏർപ്പെടുന്നത്.

(സി) ജില്ലകളിൽ ഒരു ഡി. വൈ. എസ്. പി.യുടെ നേതൃത്വത്തിൽ ജില്ലാതല സ്ക്വാഡുകൾ രൂപീകരിച്ച്, ഇത്തരക്കാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് ആവശ്യമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരക്കാരെ റൗഡി ഹിസ്റ്ററി ഷീറ്റുകളിൽ ഉൽപ്പെടുത്തി അവരുടെ നീക്കങ്ങൾ സദാ നിരീക്ഷിച്ചും, പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിൽ റസിഡന്റ് അസോസിയേഷനുകളുമായി സഹകരിച്ചും നിയമം അനുശാസിക്കുംവിധം കേസുകൾ രജിസ്റ്റർ ചെയ്തും മറ്റു നിയമനടപടികൾ സ്വീകരിച്ചും വരുന്നു. ജില്ലാ സൂപ്രണ്ട് ഓഫീസുകളിൽ ക്രൈം സ്റ്റോപ്പർ സംവിധാനവും 'റോമിയോ' എന്ന സൈനോടുകൂടി ഇത്തരക്കാരുടെ ചലനങ്ങൾ കണ്ടെത്തി നിരീക്ഷിക്കുന്നതിനായി മോട്ടോർ ബൈക്കിൽ പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിൽ ഒരു പോലീസ് പോർട്ടലും പ്രവർത്തിച്ചുവരുന്നു. പോലീസ് സ്റ്റേഷന്റെ അധികാരാതിർത്തിയെ പല ബ്ലോക്കുകളായി തിരിച്ച് ബീറ്റ് സംവിധാനം ഏർപ്പെടുത്തി രാപകൽ ഭേദമെന്യേ പട്രോളിംഗും നടത്തുന്നുണ്ട്.

ആറ്റുകാൽ ദേവീക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തെ ഫെസ്റ്റിവൽ ഏരിയ ആയി പ്രഖ്യാപിക്കാൻ നടപടി

60 [1575] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റുകാൽ ദേവീക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിന്റെ ഏതെല്ലാം വാർഡുകളെയാണ് ഫെസ്റ്റിവൽ ഏരിയ ആയി പ്രഖ്യാപിക്കുന്നത്;

(ബി) പൊങ്കാലയും ഉത്സവ ആഘോഷങ്ങളും നടക്കുന്ന എല്ലാ സ്ഥലവും ഉൾക്കൊള്ളത്തക്ക വിധത്തിൽ പ്രസ്തുത ഉത്സവത്തോടനുബന്ധിച്ച് ഫെസ്റ്റിവൽ ഏരിയ ആയി പ്രഖ്യാപിക്കുവാൻ നടപടിയെടുക്കുമോ;

(സി) അപ്രകാരം ചെയ്യാത്ത പക്ഷം അതിനുള്ള കാരണം എന്തെന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ക്ഷേത്രത്തിന്റെ നാല് കിലോമീറ്റർ ചുറ്റളവിലുള്ള മുഴുവൻ പ്രദേശവും ഉത്സവമേഖല ആയി ഇക്കൊല്ലം പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) പൊങ്കാലയും ഉത്സവ ആഘോഷങ്ങളും നടക്കുന്ന എല്ലാ സ്ഥലവും ഉൾക്കൊള്ളുന്നതിനു വേണ്ടിയാണ് നാല് കിലോമീറ്റർ ചുറ്റളവിലായി ഉത്സവ മേഖലയായി പ്രഖ്യാപിക്കുന്നത്.

(സി) ഉദിക്കുന്നില്ല.

മോഷണങ്ങൾ അന്വേഷിക്കുവാൻ പ്രത്യേക സ്ക്വാഡ്

61 [1576] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പാരിപ്പള്ളി കൊടിമൂട്ടിൽ ക്ഷേത്രം, കല്ലുവാതുക്കൽ, നെട്ടറക്കാവ് ക്ഷേത്രം, പരവൂർ പുറ്റിംഗൽ ക്ഷേത്രം എന്നിവിടങ്ങളിൽ നടന്ന മോഷണങ്ങൾ പോലീസിന്റെ പ്രത്യേക സ്ക്വാഡിനെക്കൊണ്ട് അന്വേഷിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

പാരിപ്പള്ളി കൊടിമൂട്ടിൽ ക്ഷേത്രത്തിൽ നടന്ന മോഷണത്തെക്കുറിച്ച് പോലീസ് സർക്കിൾ തലത്തിലുള്ള സ്ക്വാഡിനെക്കൊണ്ട് അന്വേഷണം നടത്തിവരുന്നു (പാരിപ്പള്ളി പി. എസ്. ക്രൈം 187/02). കല്ലുവാതുക്കൽ നെട്ടറക്കാവ് ക്ഷേത്ര കവർച്ചയെ സംബന്ധിച്ച് ക്രൈംബ്രാഞ്ച് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം അന്വേഷിച്ചുവരുന്നു (ക്രൈം നമ്പർ 51/സി. ആർ/04). പരവൂർ പുറ്റിംഗൽ ക്ഷേത്രത്തിൽ മോഷണം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മോഷണം തടയുന്നതിന് ജാഗ്രതാ സംവിധാനം

62 [1577] ശ്രീ. എ. സി. മൊയ്തീൻ :

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :

ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായ തരത്തിൽ പോക്കറ്റടി, വാഹനമോഷണം ഭവനങ്ങളിൽ മോഷണം എന്നിവ വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കഴിഞ്ഞ ഒരു വർഷത്തിനകം ഇത്തരത്തിലുള്ള കേസുകൾ എത്ര എണ്ണം സംസ്ഥാനത്താകെ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ.

LIBRARY ARCHIVES Kerala Legislative Assembly